INFORMATION KERALA MISSION
Date: 31/03/16
Soochika No: 807
Date: 31/3/16

**"ഭരണഭാഷ-മാതൃഭാഷ"**

നം. എൽ- 7597/16

നഗരകാര്യഡയറക്ടറേറ്റ്,
സ്വരാജ്ഭവൻ, നന്തൻകോട്,
തിരുവനന്തപുരം, തീയതി, 30/3/16
ഫോൺ നം: 0471-2318896
emailid: duatvpm@gmail.com

പ്രേഷകൻ
നഗരകാര്യഡയറക്ടർ

സ്വീകർത്താവ്
എക്സിക്യൂട്ടീവ് ഡയറക്ടർ,
ഇൻഫർമേഷൻ കേരള മിഷൻ

സർ,

വിഷയം:- നഗരകാര്യ വകുപ്പ്- ഉത്തരമേഖലാ ഓഫീസ്, കോഴിക്കോട്- ലൈസൻസ്ഡ് എഞ്ചിനീയർ ശ്രീ. പ്രകാശ് ബാബുവിന്റെ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുന്നത്- സംബന്ധിച്ച്.

സൂചന:- കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറുടെ 17/3/16 ലെ ഇ-3137/14 (2) നമ്പർ കത്ത്.

കണ്ണൂർ നഗരസഭയിൽ ചട്ടവിരുദ്ധമായി പ്ലാൻ സമർപ്പിച്ച ലൈസൻസ്ഡ് എഞ്ചിനീയർ ശ്രീ. പ്രകാശ് ബാബുവിന്റെ രജിസ്ട്രേഷൻ (രജി: നമ്പർ- സി1-22690/2000/349/ഇ.എ) 1999- ലെ കേരളാ മുനിസിപ്പൽ ബിൽഡിംഗ് റൂൾ ചട്ടം 153 (8) പ്രകാരം 1/4/2016 മുതൽ 30/4/2016 വരെയുള്ള ഒരു മാസ കാലയളവിലേയ്ക്ക് സസ്പെന്റ് ചെയ്ത് ഉത്തരമേഖലാ ജോയിന്റ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത്, സർക്കാർ/ ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഇതോടൊപ്പം അയയ്ക്കുന്നു.

താങ്കളുടെ വിശ്വസ്തൻ,

നഗരകാര്യ ഡയറക്ടർക്കു വേണ്ടി

എസ്.കെ.ഒ,

Registered A/D

നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യ വകുപ്പ്, ഉത്തരമേഖലാ കാര്യാലയം, കോഴിക്കോട് - കണ്ണൂർ നഗരസഭയിൽ ചട്ടവിരുദ്ധമായി പ്ലാൻ സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയർ ശ്രീ. സി. പ്രകാശ്ബാബുവിന്റെ രജിസ്ട്രേഷൻ (Reg. No.C1-22690/2000/349/EA) സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====

നമ്പർ ഉ - 3137/2014 | തിയ്യതി, കോഴിക്കോട്, 17.03.2016

=====

പരാമർശം:- 1. സർക്കാരിന്റെ 12/8/14, 14/9/15, തിയ്യതികളിലെ 11146/ആർ.ബി.2/2014/LSGD നമ്പർ കത്തുകൾ

2. ചീഫ് ടൗൺ പ്ലാനർ (വിജി) ന്റെ 30/1/13 ലെ CTP (Vig) /212/13 നമ്പർ റിപ്പോർട്ട്
3. കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 29/10/14, 08/12/14, തിയ്യതികളിലെ ഇ4/ബി.എ/62/13 നമ്പർ കത്തുകൾ
4. ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയർ ശ്രീ. സി. പ്രകാശ്ബാബുവിന് ഈ ഓഫീസിൽ നിന്നും നൽകിയ 27/12/14 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീ. സി. പ്രകാശ് ബാബു 17/1/15 തിയ്യതിയായി സമർപ്പിച്ച മറുപടി
6. ഈ ഓഫീസിലെ 13/3/15 ലെ ഇതേ നമ്പർ കത്ത്.
7. ചീഫ് ടൗൺ പ്ലാനർ (വിജി) ന്റെ 17/8/15 തിയതിയിലെ റിപ്പോർട്ട്
8. ശ്രീ. സി. പ്രകാശ് ബാബു 27/11/2015 തിയ്യതിയിൽ ഈ ഓഫീസിൽ നേരിൽ ഹാജരായി നൽകിയ സ്റ്റേറ്റ്മെന്റ്

-----

## ഉത്തരവ്

കണ്ണൂർ നഗരസഭാ പരിധിയിലെ കണ്ണൂർ II വില്ലേജിൽ, റി. സ. 542 സ്ഥലത്ത് ശ്രീമതി കുഞ്ഞാമിന മുതൽ പേർക്ക് വേണ്ടി കണ്ണൂർ നഗരസഭയിൽ നിന്നും 25/11/2013 തിയതിയിൽ അനുവദിച്ച ഇ4/ബി.എ./62/13 നമ്പർ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് CTP(Vig) പരിശോധന നടത്തിയതിൽ 1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ (കെ.എം.ബി.ആർ) ചട്ടം 24(5), 34(2), 34(3), 34(6), 109(ബി), 56(2) എന്നിവ ലംഘിച്ചതായും, സ്ഥലത്തിന്റെ അളവ്, ബന്ധപ്പെട്ട രേഖകളിൽ നിന്നും, സർവ്വെ സ്കെച്ച്, അംഗീകൃത പ്ലാൻ എന്നിവയിൽ നിന്നും വ്യത്യാസപ്പെട്ടിരുന്നതായും, പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്ലാൻ ഒപ്പുവെച്ച് സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയർ, ശ്രീ. പ്രകാശ്ബാബു.സി. ഓസിസ്, പുതിയതെരു, കണ്ണൂർ (Reg. No.C1-22690/2000/349/EA) എന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് പരാമർശം (1), (2), പ്രകാരം നിർദ്ദേശം ലഭിക്കുകയുണ്ടായി. മേൽ പ്രകാരം നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിന്മേൽ കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ വിശദമായ റിപ്പോർട്ട് പരാമർശം (3)

പ്രകാരം ലഭ്യമാക്കുകയും, ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയർ ശ്രീ. സി. പ്രകാശ് ബാബുവിന് 1999 ലെ കെ.എം.ബി.ആർ. ചട്ടം 153(7), (8), ന് വിധേയമായി 4-ാം പരാമർശ പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ആയതിന് ടിയാൻ പരാമർശം (5) പ്രകാരം സമർപ്പിച്ച മറുപടിയിൽ നോട്ടീസിൽ ആരോപിച്ചിട്ടുള്ള ചട്ടം 24(5), 34(2), 34(3), 34(6), 56(2) എന്നീ ലംഘനങ്ങൾ നിരാകരിക്കുകയും സ്ഥലത്തിന്റെ ആധാരത്തിന്റെ ഭാഗമായുള്ള സ്കെച്ചിനെ അടിസ്ഥാനപ്പെടുത്തിയാണ് സൈറ്റ് പ്ലാൻ തയ്യാറാക്കിയിരുന്നത് എന്നും ബോധിപ്പിച്ചിരുന്നു. കൂടാതെ ചട്ടം 109(ബി) പ്രകാരം മഴവെള്ള സംഭരണ സംവിധാനം പ്ലാനിൽ കാണിക്കാൻ വിട്ടുപോയിരുന്നു എന്നിരുന്നാലും ആയത് നൽകുവാൻ സാദ്ധ്യമാവുന്നത്ര സ്ഥലം കെട്ടിടത്തിന്റെ പിൻഭാഗത്ത് ലഭ്യമാണ് എന്നും വിശദമാക്കിയിരുന്നു.

ശ്രീ. സി. പ്രകാശ്ബാബുവിന്റെ മറുപടിയിൽ CTP(Vig) ന്റെ റിപ്പോർട്ടിലെ പരാമർശങ്ങൾ നിരാകരിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട്, ടിയാന്റെ മറുപടിയുടെ പകർപ്പ് എന്നിവ സഹിതം സാങ്കേതിക കാര്യങ്ങളിൽ വ്യക്തതവരുത്തുന്നതിനായി പരാമർശം (6) പ്രകാരം സർക്കാരിലേയ്ക്ക് കത്തയക്കുകയും ആയതിന് CTP(Vig) ന്റെ പരാമർശം (7) റിപ്പോർട്ട് സഹിതം ലൈസൻസ്ഡ് എഞ്ചിനീയർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുവാൻ 14/9/15 ലെ പരാമർശം (1) കത്ത് പ്രകാരം സർക്കാർ നിർദ്ദേശം ലഭിക്കുകയുണ്ടായി. ടി വിഷയത്തിൽ ശ്രീ. സി. പ്രകാശ്ബാബുവിനെ 27/11/15 തിയ്യതിയിൽ നേരിൽ കേൾക്കുകയും, സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തുകയും ചെയ്തു.

പ്ലാൻ പ്രകാരമുള്ള പ്ലോട്ടും, നിർദ്ദിഷ്ട പ്ലോട്ടും തമ്മിൽ വിസ്തീർണ്ണത്തിൽ വ്യത്യാസമുള്ളതാണ് ടി കേസിലെ പ്രധാന ചട്ട ലംഘനം എന്ന് 7-ാം പരാമർശ പ്രകാരം CTP(Vig) വ്യക്തമാക്കിയിട്ടുണ്ട്. ഫയലിൽ ഉണ്ടായിരുന്ന സർവ്വെ സ്കെച്ച് അപേക്ഷയുടെ പേരിലുള്ള ആധാരത്തിന്റെ തന്നെ ഭാഗത്തിന്റെ സ്കെച്ചാണ് എന്നുള്ള വിശദീകരണം അംഗീകരിക്കാൻ സാധ്യമല്ല എന്നും, കെ.എം.ബി.ആർ. ചട്ടം 7(9), A(i) പ്രകാരം പ്ലോട്ട് ഉടമയുടെ തന്നെ ഉടമസ്ഥതയിലുള്ളതും, നിർദ്ദിഷ്ട പ്ലോട്ടിനോട് ചേർന്ന് കിടക്കുന്ന എല്ലാ ഭൂമിയുടെയും, അതിരുകളും അനുമതിക്കായി സമർപ്പിക്കുന്ന പ്ലാനിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ് എന്നും കൂടാതെ ചട്ടം 153 (3) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അതിരുകൾ, അളവുകൾ എന്നിവ സ്ഥല പരിശോധന നടത്തി ഉറപ്പുവരുത്തിയ ശേഷം പ്ലാൻ സമർപ്പിക്കേണ്ടതും ആയത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ കെട്ടിട നിർമ്മാണ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളതിനാൽ പ്ലാനിൽ ചട്ട ലംഘനമില്ല എന്ന ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയറുടെ വിശദീകരണം അംഗീകരിക്കുവാൻ സാധ്യമല്ല എന്നും ടി റിപ്പോർട്ടിൽ CTP(Vig) വ്യക്തമാക്കിയിട്ടു

ണ്ട്. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന ഷെഡ്, പ്ലാനിൽ രേഖപ്പെടുത്താത്തതും, പ്ലോട്ടിന്റെ അതിരുകൾ വ്യക്തമാക്കാതെ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും പ്ലാൻ വരച്ച ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയറുടെ വീഴ്ചയാണ് എന്നും CTP(Vig) പരാമർശിച്ചിട്ടുണ്ട്.

ശ്രീ. സി. പ്രകാശ്ബാബുവിനെ നേരിൽ കേട്ട വേളയിലും ടിയാൻ ഈ ഓഫീസിൽ രേഖാമൂലം സമർപ്പിച്ച മറുപടിയിൽ ബോധിപ്പിച്ച കാര്യങ്ങൾ ആവർത്തിക്കുകയും, സർക്കാരിനെയൊ, നഗരസഭയെയൊ മന:പ്പൂർവ്വം തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ സൈറ്റ് പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല എന്നും മന:പൂർവ്വമല്ലാത്ത വല്ല പിഴവും സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

ചീഫ് ടൗൺ പ്ലാൻ (വിജി) ന്റെ റിപ്പോർട്ടുകൾ, ശ്രീ. പ്രകാശ്ബാബുവിന്റെ മറുപടി ടിയാന്റെ സ്റ്റേറ്റ്മെന്റ് എന്നിവ വിശദമായി പരിശോധിച്ചതിൽ ലൈസൻസ്ഡ് എഞ്ചിനീയർ ശ്രീ. സി. പ്രകാശ്ബാബുവിന്റെ ഭാഗത്തു നിന്നും കെട്ടിട നിർമ്മാണ അപേക്ഷയിലും പ്ലാൻ തയ്യാറാക്കുന്നതിലും മറ്റും കൃത്യവിലോപം ഉണ്ടായതായി കാണുന്നു. 1999 ലെ കെ.എം.ബി.ആർ ചട്ടങ്ങൾ ചട്ടം 153(1), (2) പ്രകാരം പ്ലാനുകളും ഡ്രോയിംഗുകളും ആക്റ്റിലെയും, ചട്ടങ്ങളിലെയും അല്ലെങ്കിൽ സർക്കാരോ, മുനിസിപ്പാലിറ്റിയോ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളിലെയും വ്യവസ്ഥകൾ കർശനമായും പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും, ആ അർത്ഥത്തിലുള്ള ഒരു സർട്ടിഫിക്കറ്റ് പ്ലാനുകളിലും ഡ്രോയിംഗുകളിലും രേഖപ്പെടുത്തി ഒപ്പുവെക്കേണ്ടതുമാണ്. കൂടാതെ സൈറ്റ് പ്ലാനിൽ ഒരു സത്യ ബോധ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി ഒപ്പിടേണ്ടതാണ്. ചട്ടം 153(3) പ്രകാരം പ്ലാനുകളും ഡ്രോയിംഗുകളും സൈറ്റ് പരിശോധന നടത്തി അതിരുകൾ ബോധ്യപ്പെട്ടതിനുശേഷം മാത്രം തയ്യാറാക്കേണ്ടതുമാണ് എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. ചട്ടം 153(4) അനുശാസിക്കുന്ന പ്രകാരം പ്ലാനിലും ഡ്രോയിംഗിലും വിവരണങ്ങളിലും സർട്ടിഫിക്കറ്റ് നൽകുകയും, ഒപ്പുവെക്കുകയും ചെയ്യുന്നയാൾ ആ സർട്ടിഫിക്കറ്റിലും, പ്ലാനിലും, ഡ്രോയിംഗിലും വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ പിഴവില്ലായ്മക്കും, സത്യാവസ്ഥയ്ക്കും ഉത്തരവാദിയായിരിക്കുന്നതാണ്. എന്നതിനാൽ മേൽ പ്രകാരമുള്ള വിവിധ ചട്ട ലംഘനങ്ങൾക്ക് ടിയാൻ ഉത്തരവാദിയാണ് എന്ന് ബോധ്യപ്പെട്ട് ലൈസൻസ്ഡ് എഞ്ചിനീയർ – എ ശ്രീ. സി. പ്രകാശ്ബാബുവിന്റെ, എഞ്ചിനീയർ - എ രജിസ്ട്രേഷൻ (Reg. No.C1-22690/2000/349/EA) 1999 ലെ കെ.എം.ബി.ആർ ചട്ടം 153(8)പ്രകാരം 01/04/2016 മുതൽ 30/4/2016 വരെയുള്ള ഒരു മാസ കാലയളവിലേക്ക് സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ. സി. പ്രകാശ്ബാബു 1999 ലെ കെ.എം.ബി.ആർ വ്യവസ്ഥ ചെയ്യുന്ന എഞ്ചിനീയർ - എ യുടെ ചുമതലകൾ നിർവ്വഹിക്കാൻ പാടില്ലാത്തതും സസ്പെൻഷൻ

വിവരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലും, ഐഡന്റിറ്റി കാർഡിലും രേഖപ്പെടുത്തുന്നതിനായി ആയതിന്റെ അസ്സലുകൾ സഹിതം നഗരകാര്യ വകുപ്പിന്റെ കോഴിക്കോട് മേഖലാ ഓഫീസിൽ ഒരാഴ്ച്ചക്കകം നേരിൽ ഹാജരാക്കേണ്ടതുമാണെന്ന് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി സെബാസ്റ്റ്യൻ
നഗരകാര്യ റീജിയനൽ ജോയിന്റ് ഡയറക്ടർ
കോഴിക്കോട്

ശ്രീ. പ്രകാശ്ബാബു, ഓസ്സീസ്, പുതിയതെരു, കണ്ണൂർ – 670011

പകർപ്പ് :

1) ഗവ. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ (ആർ.ബി2) വകുപ്പ് (ആമുഖ പത്രം സഹിതം)
2) ഡയറക്ടർ, നഗരകാര്യ വകുപ്പ് - (കെ.എം.ബി.ആർ ചട്ടം 153(8) പ്രകാരം സർക്കാർ / ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ആമുഖ കത്ത് സഹിതം)
3) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, കണ്ണൂർ ജില്ല
5) റീജിയനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം, കൊച്ചി
6) ഉത്തരമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

K.R 18/03